'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 843

05.02.2020 ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആഗോളതാപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ)യും(ബി)യും | ആഗോളതാപനം മനുഷ്യരാശിക്ക് ഭീഷണിയായ സാഹചര്യത്തിൽ ഇതിനെ ചെറുക്കുന്നതിനായി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത് പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വഴിയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിലും, വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങളിലും, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചുവരുന്നു. സ്വകാര്യ ഭൂമികളിൽ വനവൽകരണം പ്രോൽസാഹിപ്പിക്കുന്നതിനായി കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/ സംഘടനകൾക്കുമുള്ള പ്രോൽസാഹന ധനസഹായം, വനവൽകരണ |
| (ബി) | ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടി പ്പിച്ചിരുന്നോ; ഇനിയും എന്തെല്ലാം പരിപാടികളാണ് വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/ സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവൽകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതിപഠന ക്യാമ്പുകൾ, ബോധവൽകരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഖകൾ, ബോർഡുകൾ സ്ഥാപിക്കൽ, നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരണം, നഗര വനവത് കരണത്തിന്റെ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ചും ആഗോള താപനത്തിന് എതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികളാണ്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവത്കരണ പ്രവർത്തനത്തിനായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| തിരുവനന്തപുരം | 108.48 | 122.14 | 84.99 |
| കൊല്ലം | 120.95 | 120.93 | 74.97 |
| പത്തനംതിട്ട | 104.97 | 113.59 | 75.00 |
| ആലപ്പുഴ | 126.37 | 125.00 | 79.97 |
| കോട്ടയം | 108.00 | 113.00 | 128.61 |
| എറണാകുളം | 132.50 | 119.12 | 104.10 |
| തൃശ്ശൂർ | 89.93 | 95.00 | 75.00 |
| പാലക്കാട് | 87.50 | 55.06 | 97.00 |
| ഇടുക്കി | 90.00 | 80.00 | 75.00 |
| മലപ്പുറം | 41.62 | 50.94 | 71.41 |
| കോഴിക്കോട് | 47.27 | 68.22 | 60.53 |
| വയനാട് | 18.50 | 21.50 | 22.50 |
| കണ്ണൂർ | 49.45 | 27.03 | 64.06 |
| കാസർഗോഡ് | 85.25 | 81.17 | 86.89 |
| ആകെ | 1210.79 | 1192.61 | 1100.03 |

Signature Not Verified
Digitally signed by ANJALY DEVI A G
Date: 2020.02.04 11:14:49 IST
Reason: Approved

സെക്ഷൻ ഓഫീസർ